പൂവാർ പാലംപണി.

197. [10] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂവാർ പാലം രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ആ പാലം പണിയുന്നതിനു് ആകെ എന്തു ചെലവുവരും?

ഉത്തരം.

(എ, ബി) രണ്ടാംപഞ്ചവത്സരപദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഈ വിവരം പറയാൻ നിവൃത്തിയില്ല.

പേക്കമ്മിഷൻ നിയമനം.

198. [11] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേക്കമ്മീഷന്റെ നിയമനം എത്രകാലത്തേയ്ക്കായിരുന്നു ;

(ബി) അവരുടെ ജോലി അവസാനിച്ചുകഴിഞ്ഞോ ;

(സി) ഇല്ലെങ്കിൽ ഇനി എത്രമാസം വരുമെന്നു് പ്രതീക്ഷിക്കുന്നുണ്ടു്?

ഉത്തരം.

(എ) അഞ്ചു മാസത്തേയ്ക്കായിരുന്നു.

(ബി) കഴിഞ്ഞു.

(സി) ചോദ്യം ഉദിക്കുന്നില്ല.

വായനശാലയ്ക്കു് കെട്ടിടം.

199. [12] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാമ്പതിയിലെ വായനശാലയ്ക്കു് ആവശ്യമായ ഒരു കെട്ടിടം പണിയുന്നതിനു് കുറെ സ്ഥലം പതിച്ചുതരണമെന്നു് പ്രസ്തുത വായനശാലാ പ്രവർത്തകരിൽ നിന്നു് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതുസംബന്ധിച്ചു് ഗവണ്മെന്റു് എന്തു നടപടികൾ ആണു് സ്വീകരിച്ചിട്ടുള്ളതു് ;

(സി) സമീപഭാവിയിൽത്തന്നെ അവർക്കു് സ്ഥലം കിട്ടുന്നതിനു് നടപടികൾ ത്വരിതഗതിയിലാക്കുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) അതു സംബന്ധിച്ചു് എഴുത്തുകുത്തുകൾ നടന്നുവരുന്നു.

(സി) തീരുമാനം കഴിയുന്നതും വേഗത്തിൽ എടുക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly